(സി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതുമൂലം ജൂനിയർ ലക്ചറർമാർക്ക് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരായി നിയമനം ലഭിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചുള്ള ഉത്തരവുമൂലം അവസരം ലഭിക്കില്ല എന്ന വസ്തുത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഇവർക്കുകൂടി നിയമനം ലഭിക്കുന്നതിന് വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതുമൂലം അധികം വന്ന ജൂനിയർ ലക്ചറർമാരെ "വർക്ക് അറേഞ്ച്മെന്റ്"എന്ന രീതിയിലാണ് പുനർവിന്യസിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവർക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പൽ നിയമനത്തിന് അർഹതയില്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം

127 [5109] ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് നിയമിക്കപ്പെടുന്നതിലേക്കായി ഹൈസ്കൂൾ/പ്രൈമറി വിഭാഗത്തിൽ നിന്നും പ്രൊമോഷന് അർഹരായവരുടെ ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകി നിയമിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. 12-5-2003-ന് നിലവിൽ വന്ന പ്രസ്തുത ലിസ്റ്റിൽ 20-9-2001-ന് മുമ്പ് നിശ്ചിത യോഗ്യത നേടിയവർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. പ്രസ്തുത ലിസ്റ്റിൽ നിന്നും ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ട്. 20-9-2001-ന് ശേഷം യോഗ്യത നേടിയ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തി പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സർവ്വീസിലെ സ്പെഷ്യൽ റൂൾസ്

128 [T5110] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ ഏതെങ്കിലും വകുപ്പുകളിൽ പുതിയതായി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുമ്പോൾ ആ വകുപ്പിനെ സംബന്ധിച്ച ജീവനക്കാരുടെ നിയമനം, നിയമനത്തിനുവേണ്ട യോഗ്യതകൾ, യോഗ്യതയിൽ ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ തുടങ്ങിയവ പരിഗണിക്കുകയും ആയത് പുതിയതായി പുറപ്പെടുവിക്കുന്ന സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നിലവിൽ ഏതെങ്കിലും ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പോ, പൊതുഭരണ വകുപ്പോ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; അതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) എയിഡഡ് ഹയർ സെക്കണ്ടറി വകുപ്പിൽ ജി.ഒ. (പി) 331/2000/ജി.ഇഡിഎൻ., തീയതി 9-11-2001 (എസ്.ആർ.ഒ. നമ്പർ 1009/2001) എന്ന പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിൽ പ്രസ്തുത സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് സർക്കാർ പുറപ്പെടുവിച്ച ചില പ്രധാനപ്പെട്ട ജി.ഒ. (എംഎസ്.) ഉത്തരവുകൾ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമന യോഗ്യതയിൽ ഇളവുകൾ നൽകുന്നതിനും യോഗ്യത നിശ്ചയിക്കുന്നതിനും അധികാരമുള്ള കരിക്കുലം കമ്മിറ്റിയുടെ ആവശ്യമനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് 28-10-2000-ൽ പുറപ്പെടുവിച്ച എയിഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകരായി സർവ്വീസിലുള്ളവരെ ചുരുങ്ങിയത് 50% മാർക്കോടെയുള്ള മാസ്റ്റർ ഡിഗ്രി+ പി.എച്ച്.ഡി. യോഗ്യതയുണ്ടെങ്കിൽ ബി.എഡ്. നേടുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ജി.ഒ. (എംഎസ്.) 353/2000/ജി.ഇഡിഎൻ. എന്ന ഉത്തരവ് പിന്നീട് പുറത്തിറക്കിയ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ കെ.ഇ.ആർ.-ൽ ഉൾപ്പെടാത്തതിനാലും അദ്ധ്യാപക നിയമനം നടത്തുന്നത് പി.എസ്.സി. വഴി അല്ലാത്തതിനാലും സർവ്വീസിലുള്ള അദ്ധ്യാപകർക്കുവേണ്ടിയുള്ള സർക്കാർ ഉത്തരവ് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്യേണ്ടതിന് പി.എസ്.സി.-യുടെ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇന്ത്യൻ ഭരണഘടനയിലെ 309-ാം വകുപ്പുപ്രകാരം സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള പബ്ലിക് സർവ്വീസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഓരോ വകുപ്പിലേയും സ്പെഷ്യൽ റൂളുകൾ രൂപീകരിക്കുന്നത്. അതാതു വകുപ്പിന്റെ സുഗമമായ പ്രവർത്തനം കണക്കിലെടുത്ത് വകുപ്പിലെ തൊഴിലിന്റെ ആവശ്യകതയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിലെ നിയമനത്തിനുവേണ്ട യോഗ്യതകൾ, യോഗ്യതയിൽ ഇളവ് ഇവ സംബന്ധിച്ച വ്യവസ്ഥകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുതലവൻമാർ ശുപാർശ ചെയ്യുകയും ടി ശുപാർശകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന് വിധേയമായി, സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തോടെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ നിയമനത്തിനുള്ള യോഗ്യതകൾ, യോഗ്യതയിൽ ഇളവ് ഇവ സംബന്ധിച്ച നിബന്ധനകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതു വരെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തനം നടന്നത്. പ്രസ്തുത ഉത്തരവുകൾ പരിശോധിച്ച് ആവശ്യമായവ സ്വീകരിക്കുകയും വേണ്ടാത്തത് നിരാകരിക്കുകയും ചെയ്ത് വിശദമായ പരിശോധനകൾക്കും ചർച്ചകൾക്കുശേഷമാണ് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചത്. നിലനിന്നിരുന്ന എല്ലാ എക്സിക്യൂട്ടീവ് ഉത്തരവുകളും സ്പെഷ്യൽ റൂൾസ് രൂപീകരിച്ചതോടെ റദ്ദായി.

(ഡി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾകൂടി പരിശോധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെയും അംഗീകാരത്തോടെ പുറപ്പെടുവിച്ച കേരള ഹയർ സെക്കണ്ടറി സ്റ്റേറ്റ് സർവ്വീസ്/കേരള ഹയർ സെക്കണ്ടറി സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എയിഡഡ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള സ്പെഷ്യൽ റൂൾസ് കേരളാ വിദ്യാഭ്യാസ ചട്ടത്തിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ളത്. അദ്ധ്യാപക പരിശീലന യോഗ്യതയായ ബി.എഡും ഏതെങ്കിലും ഒരു വിഷയത്തിലെ ഒരു പ്രത്യേക മേഖലയിലെ ഗവേഷണ ബിരുദവും തത്തുല്യമായി കണക്കാക്കാനാകില്ല. അതുകൊണ്ടാണ് ഈ ഉത്തരവിലെ സത്ത സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താത്തത്.

(ഇ) എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ കെ.ഇ.ആറിന്റെ ഭാഗമാണ്. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് മുമ്പുള്ള സർക്കാർ ഉത്തരവുകൾ ഇപ്പോൾ നിലവിലില്ല. എയിഡഡ് ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതി ആവശ്യമില്ല

ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

129 [5111] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡഡ് സ്കൂളുകളിൽ പ്ലസ് ടു അനുവദിക്കാൻ തുടങ്ങിയത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആ വർഷം പ്ലസ് ടു അനുവദിച്ച ഓരോ സ്കൂളുകളിലും എത്ര ലാബ് അറ്റൻഡർമാരെ വീതമാണ് നിയമിച്ചിട്ടുള്ളതെന്ന് സ്കൂളിന്റെ പേര് സഹിതം വെളിപ്പെടുത്താമോ;

(സി) ഇവയ്ക്ക് നിയമന അംഗീകാരം നൽകിയത് എന്നാണെന്നും ഇവർക്ക് ഇപ്പോൾ ശമ്പളം ലഭിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ഡി) 1998-99-ൽ എത്ര എയിഡഡ് സ്കൂളുകളിലാണ് പ്ലസ് ടു അനുവദിച്ചത്; ഈ സ്കൂളുകളിൽ എത്ര വീതം ലാബ് അറ്റൻഡർമാരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരുടെ നിയമനം അംഗീകരിക്കുകയും ഇവർക്ക് ശമ്പളം നൽകുകയും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly